(ഡി) ലോകായുക്ത ഈ വിഷയത്തിൽ ഒരു അന്വേഷണം നടത്തി വരുന്ന സാഹചര്യത്തിൽ വിവരാവകാശ നിയമത്തിന്റെ Sn.8(1)(h) പ്രകാരം മിന്നൽ പരിശോധനാ റിപ്പോർട്ട് നൽകുന്നത് നിയമാനുസൃതമല്ല.

വർഗ്ഗീയ സംഘട്ടനങ്ങൾ

196 (3017) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നു ; വർഗ്ഗീയ സംഘർഷം ഇപ്പോഴും നിലനിൽക്കുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ് ;

(ബി) വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാക്കാൻ ബോധപൂർവ്വം പ്രവർത്തിക്കുന്നുവെന്ന് ആരോപിക്കുന്ന സംഘടനകളെ നിരീക്ഷിക്കുന്നുണ്ടോ ;

(സി) ഇത്തരം സംഘടനകൾക്കെതിരെ മതനിരപേക്ഷ നിലപാടുകളിൽ നിന്നുകൊണ്ട് നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 215 വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നു. സംസ്ഥാനത്തിന്റെ ഒരു ഭാഗത്തുനിന്നും ഇപ്പോൾ വർഗ്ഗീയ സംഘർഷം നിലവിലില്ല.

(ബി) വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാക്കാൻ ബോധപൂർവ്വം പ്രവർത്തിക്കുന്നുവെന്ന് ആരോപിക്കപ്പെടുന്ന സംഘടനകളെ നിരീക്ഷിച്ചുവരുന്നു.

(സി) ഇത്തരം സംഘടനകൾക്കെതിരെ മതനിരപേക്ഷ നിലപാടുകളിൽ നിന്നുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വർഗ്ഗീയ, രാഷ്ട്രീയ സംഘർഷങ്ങളുടെ നിയന്ത്രണം

197 (3018) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സമാധാനപരമായ സാമൂഹ്യ ജീവിതത്തിന് വൻഭീഷണി സൃഷ്ടിക്കുന്ന ആയുധ നിർമ്മാണവും ബോംബു നിർമ്മാണവും നിയന്ത്രിക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ ;

(ബി) ബോംബുകൾ നിർമ്മിക്കുന്നതിനിടെയുണ്ടാകുന്ന അപകടങ്ങൾ വരാനിരിക്കുന്ന വർഗ്ഗീയ, രാഷ്ട്രീയ സംഘർഷങ്ങളുടെ സൂചനയാവാമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രാഷ്ട്രീയ പാർട്ടികളുടെ സ്വാധീനമേഖലയിൽ രാഷ്ട്രീയപാർട്ടി പ്രവർത്തകർ ഉൾപ്പെട്ട, മരണമോ, ഗുരുതര പരിക്കോ ഉണ്ടായ ബോംബ് അപകടങ്ങളെക്കുറിച്ചുള്ള വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പ്രവണത അവസാനിപ്പിക്കാൻ സമവായമുണ്ടാക്കുന്നതിനായി സർവ്വകക്ഷിയോഗം വിളിക്കുമോ ?

<u>ഉത്തരം</u>

(എ) ആയുധനിർമ്മാണവും ബോംബുനിർമ്മാണവും നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പോലീസ് കർശന ജാഗ്രത പാലിച്ചും നിരീക്ഷണങ്ങൾ നടത്തിയും ആയുധങ്ങൾ, ബോംബ് എന്നിവ നിർമ്മിക്കുകയും കൈവശം വയ്ക്കുകയും ചെയ്യുന്നവർക്കെതിരെ Arms Act പ്രകാരവും Explosive Substance Act പ്രകാരവും കേസ്സുകൾ എടുത്തും ബോംബ് സ്ക്വാഡും സ്പെഷ്യൽ സ്ക്വാഡും നിരന്തരം റെയ്ഡുകൾ നടത്തി ബോംബുകൾ കണ്ടെത്തിയും ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങി ബോംബ്, ആയുധങ്ങൾ എന്നിവ ശേഖരിച്ചുവയ്ക്കാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ കർശന നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. വാഹന പരിശോധനയും റെയിൽവെ സ്റ്റേഷൻ, ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ സ്ഥിരമായി പട്രോളിംഗ് നടത്തിയും വരുന്നു. ആയുധ ലൈസൻസ് നൽകുമ്പോഴും പുതുക്കുമ്പോഴും നിലവിലുള്ള നിയമ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നുമുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബോംബ് സ്ഫോടനംമൂലം മരണമുണ്ടായ ഒരു സംഭവവും പരിക്കേറ്റ ഏഴു സംഭവങ്ങളും കണ്ണൂർ ജില്ലയിൽ ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly